بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 18/09/2015

**(04 DHUL HIJJAH 1436 HIJRI)**

**Hazrat Khalifathullah Munir Ahmad Azim (A)**

## THE MONTH OF HAJJ / ഹജ്ജ് മാസം

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വദ്, സൂറഃഅൽഫാത്തിഹാ ഓതിയശേഷം പറഞ്ഞു.

**<u>വർഗ്ഗീയ യുദ്ധത്തിന്റെ തുടക്കം താത്ക്കാലികമായി നിർത്തി വയ്ക്കപ്പെട്ടു.</u>**

മൗറീഷ്യസിന്റെ തെക്ക് സംഭവിച്ച കാര്യം തികച്ചും ദൗർഭാഗ്യകരം തന്നെ, ഇസ്ലാമിന്റെ പ്രതിഛായയെയും അധ്യാപനങ്ങളെയും ചില മൂഢന്മാർ നശിപ്പിച്ച കാര്യം ഞാൻ കഴിഞ്ഞ ആഴ്ച പറയുകയുണ്ടായി. അവർ ചെയ്തത് ഇസ്ലാമിക അധ്യാപനമനുസരിച്ചായിരുന്നോ ? ഒന്നാമതായി, അവരുടെ പെരുമാറ്റം നിന്ദ്യമായതായിരുന്നു. അവർ അല്ലാഹുവിന്റെ കൽപ്പനകളെ ധിക്കരിച്ചു; അവന്റെ പ്രവാചകന്റെ കൽപനകളെ ധിക്കരിച്ചു. ആയതിനാൽ ഇത്തരം ആളുകൾക്ക് അവർ മുസ്ലീംകളാണ് എന്ന് പറയുവാൻ കഴിയുകയില്ല. ഫത്വ (വിധി) കൾ പുറപ്പെടുവിക്കുന്ന സ്വഭാവമുള്ളവരോട് ഞാൻ ചോദിക്കുന്നു. ആരാണ് മുസ്‌ലീംകൾ ? ആര് മുസ്‌ലീംകൾ അല്ല ? ഇത്തരം നിന്ദ്യമായ പ്രവർത്തികൾ ചെയ്യുന്നവർ, മറ്റു മതങ്ങളോട് ഇസ്ലാം കാണിക്കേണ്ട അധ്യാപനങ്ങൾക്ക് വിരുദ്ധം പ്രവർത്തിക്കുന്നവർ – ഇവരെ ഇപ്പോഴും മുസ്ലീംകളായി കണക്കാക്കുവാൻ കഴിയുമോ ? ജനങ്ങളെയോ അവരുടെ വിശ്വാസങ്ങളെയോ കരി തേച്ചു കാണിക്കുവാൻ അവരെ പ്രകോപിതരാക്കുവാൻ, ബുദ്ധിമുട്ടിക്കാൻ ഇസ്ലാം മതം ഒരിക്കലും അനുവാദം നൽകുന്നില്ല. മറിച്ച് ഇസ്ലാം മുസ്ലീംങ്ങളെ പഠിപ്പിക്കുന്നത് മത സഹുഷ്ണതയാണ്. ഇസ്ലാം നന്മയാണ്. ആയതിനാൽ, ഒരു മുസ്ലീം തന്റെ വിശ്വാസത്തിലൂടെ പ്രബോധിപ്പിക്കേണ്ടത്, താൻ ഒരു സുഹൃത്താണ് എന്നും ജീവിതത്തിന് സംരക്ഷണം ഉറപ്പാക്കുന്ന ആളാണ് എന്നും, തന്റെ രാജ്യത്തിലുള്ള ജനങ്ങളുടെ ധനവും, മാന്യതയും, ജീവിതവും സംരക്ഷിക്കുന്നവനാണ് എന്നുമായിരിക്കണം. മറ്റുള്ളവരുടെ അഭിമാനത്തിന് കോട്ടം തട്ടുന്ന യാതൊരു പ്രവർത്തിയും ചെയ്യാൻ പാടില്ല, മറ്റുള്ളവരുടെ വിശ്വാസത്തെ ആദരിക്കുക, അവരുടെ ആരാധനാലയങ്ങളെയും ആദരിക്കുക.

പരിശുദ്ധ പ്രവാചകൻ (സ) പറഞ്ഞു. **“ ഏറ്റവും നല്ല മുസ്ലീം, തന്റെ കൈകൊണ്ടോ നാവു കൊണ്ടോ ആർക്കും ഒരു ദ്രോഹവും ചെയ്യാത്തവനാണ്”**

ഇത്തരം മുസ്ലീംങ്ങളുടെ നിന്ദ്യമായ പ്രവർത്തനങ്ങൾ ഒരു വശത്ത്, അവർ ഇസ്ലാമിന്റെ അധ്യാപനങ്ങളെ മലീമസമാക്കി, മറുവശത്ത് നിങ്ങൾ നോക്കൂ ഹാജിമാരുടെ കാര്യം, അവർ ഹജ്ജ് കർമ്മത്തിനായി പോയി, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ എത്ര വീരോചിതമായാണ് അവർ മരണപ്പെട്ടത് ! അല്ലാഹു (ത) വിശുദ്ധ ഖുർആനിൽ ഇത്തരത്തിൽ മരണപ്പെടുന്നവരെക്കുറിച്ച് പറയുന്നു. അവർ എന്നെന്നും ജീവിച്ചിരിക്കുന്നതാണ്. അവർ ആഗ്രഹിക്കുന്നതെന്തും അവർക്ക് അല്ലാഹുവിൽ നിന്ന് ലഭ്യമാണ്.

മറുവശത്ത്, ഇവിടെ മൗറിഷ്യസിൽ, ദൗർഭാഗ്യവശാൽ മുസ്ലീംകൾ, മുസ്ലീംകൾ എന്ന നിലയിൽ പെരുമാറുന്നില്ല. അവരുടെ പ്രവർത്തികൾ ഒരു വർഗ്ഗീയ യുദ്ധം വരെ ഉണ്ടാകാവുന്ന തരത്തിൽ പ്രകോപിതമാണ്. നിശ്ചയമായും ഇതൊരാരംഭമായിരുന്നു. മുസ്ലീംങ്ങളും ഹിന്ദുക്കളും / തമിഴ്‌വംശജരും, തമ്മിലെ പ്രശ്നങ്ങൾ നാം കണ്ടതാണ്; ഭാഗ്യവശാൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇപ്പോൾ ഇത് ശാന്തമായിരിക്കുകയാണ്, എന്നാൽ ശത്രുതയുടെ വിത്ത് ഇപ്പോഴും അവിടെ നിലനിൽക്കുന്നു. വംശീയ യുദ്ധത്തിന്റെ പാരമ്യതയിലെത്താം! അല്ലാഹു (ത) ഇതെനിക്ക് മനസ്സിലാക്കി തന്നിട്ടുള്ളതാണ്, ഞാൻ ഈ കാര്യം മുമ്പ്

പറഞ്ഞിട്ടുള്ളതുമാണ്. അല്ലാഹു (ത) പറഞ്ഞതു സംഭവിക്കുകതന്നെ ചെയ്യും! ഇപ്പോൾ മൗറിഷ്യസിന് തെക്കുണ്ടായ ഈ സംഭവങ്ങളിൽ, പൊലീസ് ചില അറസ്റ്റുകളൊക്കെ നടത്തിയിട്ടുണ്ട്. സാമൂഹ്യ മാധ്യമങ്ങളിലൂടെ ശത്രുത പ്രേരിപ്പിക്കുന്ന രണ്ട് ഇന്റർനെറ്റ് ഉപഭോക്താക്കളെ സംശയിക്കുന്നു.

## 2015 ലെ ഹജ്ജ് വേളയിലെ ദുഃഖവാർത്ത

മക്കയിലെ ഭീമൻ ക്രയിൻ ദുരന്തത്തിൽ 107 പേരുടെ മരണവും 230 പേർക്ക് പരിക്കേൽക്കുകയും ചെയ്ത ദാരുണ വാർത്ത 2015 സെപ്തംബർ 11, വെള്ളിയാഴ്ച രാത്രി ഇവിടെ മൗറീഷ്യസിൽ ലഭിക്കുകയുണ്ടായി. ലോകമെമ്പാടുമുള്ള ലക്ഷക്കണക്കിനാളുകൾ മക്കയിൽ മഹത്തായ തീർത്ഥാടന കർമ്മം നടത്തുന്നതിന് ഏതാനും ദിവസങ്ങൾ മുമ്പാണ് ഇത് സംഭവിച്ചത്. പ്രകൃതി ക്ഷോഭത്തെത്തുടർന്നാണ് മക്കാ പള്ളിക്ക് സമീപം ഈ ക്രയിൻ ദുരന്തമുണ്ടായത്. ആസന്നമായ ഹജ്ജ് വേളയിൽ 2.2 മില്യൺ ആളുകളെ ഉൾക്കൊള്ളേണ്ട മക്ക പള്ളിയുടെ പരിസര വിപുലീകരണ ആവശ്യത്തിലേക്കാണ് ഈ ക്രയിൻ അവിടെ സ്ഥാപിച്ചത്. സൗദി അറേബ്യയിലെ പരിശുദ്ധ സ്ഥലങ്ങളിലുണ്ടായ ഏറ്റവും ദാരുണമായ ദുരന്തങ്ങളിലൊന്നാണിത് ! ഇൻശാ അല്ലാഹ്! ഹജ്ജ് കർമ്മത്തിന് ഇതൊരു പ്രശ്നവും സൃഷ്ടിക്കില്ല. ലഭ്യമായ വാർത്തകൾ വച്ച്, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് അവിടെ ഉണ്ടായിരുന്ന മുസ്ലീംങ്ങൾ, പരിക്കേറ്റവരെ ശുശ്രൂഷിക്കുന്നതിലും മരണപ്പെട്ടവർക്ക് വേണ്ട എല്ലാ കാര്യങ്ങളും നിർവ്വഹിക്കുന്നതിലും അഹമഹമികയാ പ്രവർത്തിച്ചു. സഹായിച്ചു. മുസ്ലീംകൾ ഒന്നായി ചേർന്നു എന്ന ഒരു പ്രതിഛായ സൃഷ്ടിക്കാൻ കഴിഞ്ഞു. തങ്ങളുടെ സഹോദരീസഹോദരന്മാരെ രക്ഷിക്കുന്നതിനായി രക്തദാനത്തിനായി അവർ സന്നദ്ധരായി.

ഈ വാർത്ത കേട്ട്, ദുഃഖത്താൽ എന്റെ ഹൃദയം വിതുമ്പി, അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞാൻ അല്ലാഹുവിലേക്ക് പ്രാർത്ഥനയ്ക്കായി തിരിഞ്ഞു. മക്കയിലുണ്ടായ ഈ ദുരന്തത്തിൽ മരണപ്പെടുകയും മുറിവേൽക്കുകയും ചെയ്തവർക്കായി ഞാൻ പ്രാർത്ഥനയിൽ പ്രവേശിച്ചു. ഞാനെന്റെ നമസ്ക്കാരങ്ങളിൽ അവരെ സ്മരിച്ചു; വിശിഷ്യാ തഹജ്ജുദ് വേളയിൽ ! ഞാൻ അല്ലാഹുവിനോട് ഇപ്രകാരം യാചിച്ചു. **"മഹാനായ അല്ലാഹുവിനോട് ഞാൻ യാചിക്കുന്നു. മഹത്തായ സിംഹാസനത്തിന്റെ ഉടയവനോട് ഞാൻ ഇരക്കുന്നു. നീ അവർക്ക് ശമനം നൽകേണമേ!"**

പരിശുദ്ധ ഭൂമിയിൽ മരണപ്പെട്ടവർക്കായി വിശിഷ്യാ ഇസ്ലാമിലെ 5-ാ മത്തെ സ്തംഭമായ ഹജ്ജിനെ പൂർത്തീകരിക്കുവാൻ പോയി മരണപ്പെട്ടവർക്കായി, പെട്ടെന്ന് എന്റെ മനസ്സിലേക്ക് ഈ പ്രവാചക വചനം ഓടിയെത്തി. വിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) പറഞ്ഞു. **"നിഷ്കളങ്ക ഹൃദയത്തോടെ ഈ ദുആ ആര് ചെയ്യുന്നുവോ അവർ, ദൈവമാർഗ്ഗത്തിൽ രക്തസാക്ഷികളായി മരിക്കുവാനുള്ള അവസരം ഉണ്ടാകുന്നതാണ്"** ഓ! അല്ലാഹ് നീ എന്നെ നിന്റെ മാർഗ്ഗത്തിലുള്ള രക്തസാക്ഷി ആക്കേണമേ ! നിന്റെ തിരുദൂതർ (സ) യുടെ പട്ടണത്തിൽ മരിക്കുവാൻ ഇട വരുത്തേണമെ"

അല്ലാഹുവിന്റെ അതിമഹത്തായ അനുഗ്രഹത്താൽ, ഹജ്ജ് കർമ്മം നിർവ്വഹിക്കുവാനുള്ള ഉദ്ദേശ്യത്തോടെ മക്കയിലേക്ക് പോവുകയും മരണപ്പെടുകയും ചെയ്ത നമ്മുടെ സഹോദരീ സഹോദരന്മാർക്കായി ദു ആ ചെയ്തു കൊണ്ടിരിക്കുമ്പോൾ - എന്നാൽ അവർക്ക് ഈ ദുരന്തത്താൽ ഹജ്ജ് ചെയ്യുവാൻ കഴിഞ്ഞില്ല- അല്ലാഹു (ത) എനിക്ക് വിശുദ്ധ ഖുർആനിലെ രണ്ടു വചനങ്ങൾ വെളിപാടായി നൽകി. അതെന്റെ ഹൃദയത്തിന് ശാന്തത നൽകി, ഈ ദുരന്തം അവർക്കൊരനുഗ്രഹമായി എന്ന് എനിക്ക് അതുറപ്പു നൽകുകയും ചെയ്തു. ആദ്യത്തെ വെളിപാട് ഈ വചനമായിരുന്നു. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ വധിക്കപ്പെട്ടവരെ സംബന്ധിച്ച് **"മരിച്ചവർ"** എന്ന് നിങ്ങൾ പറയരുത്. അല്ല (അവർ) ജീവിച്ചിരിക്കുന്നവരാണ്, പക്ഷേ, നിങ്ങളത് ഗ്രഹിക്കുന്നില്ലെന്ന് മാത്രം (2:155) കുറെ സമയം കഴിഞ്ഞ് തഹജ്ജുദ് നമസ്ക്കാര ശേഷം അല്ലാഹു (ത) രണ്ടാമത്തെ വചനം വെളിപാടായി നൽകി. **"അല്ലാഹുവിന്റെ മാർഗ്ഗത്തിൽ കൊല്ലപ്പെട്ടവർ മരിച്ചവരാണെന്ന് നീ ഒരിക്കലും ധരിക്കരുത് ! അല്ല, അവർ, തങ്ങളുടെ രക്ഷിതാവിങ്കൽ ജീവിച്ചിരിപ്പുള്ളവരാണ്. അവർക്ക് ആഹാരം നൽകപ്പെടുകയും ചെയ്യുന്നു."** (3:170) ഹജ്ജ് ചെയ്യുവാനുള്ള അവരുടെ ഉദ്ദേശ്യത്തെ അല്ലാഹു

സ്വീകരിക്കട്ടെ! ജന്നത്തുൽ ഫിർ ദൗസിൽ ഉന്നതമായ സ്ഥാനം നൽകി അനുഗ്രഹിക്കട്ടെ! ഹജ്ജ് നിർവ്വഹിക്കുവാൻ അവർക്ക് കഴിഞ്ഞില്ലെങ്കിലും, അവരുടെ ഉദ്ദേശത്തെ അല്ലാഹു സ്വീകരിച്ചു. ദൈവീക വെളിപാടിലൂടെ എനിക്ക് ലഭിച്ച ആ രണ്ട് വചനങ്ങൾ അതാണ് സൂചിപ്പിക്കുന്നത്. മാത്രമല്ല അവർ ദൈവമാർഗ്ഗത്തിലെ രക്തസാക്ഷികളുമാണ് ! അൽഹംദുലില്ലാഹ് ! മരണം നമുക്കെല്ലാപേർക്കുമുണ്ട്. ഒരിക്കൽ നാം എല്ലാവരും മരണപ്പെടുന്നതാണ്. എന്നാൽ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ മരണമടയുന്നതിനേക്കാൾ മെച്ചപ്പെട്ട മരണം മറ്റേന്താണ് ?

ആയതിനാൽ ദുരന്തത്തിനിരയായ എല്ലാ കുടുംബാംഗങ്ങളോടും, മറ്റെല്ലാ മുസ്ലീം സഹോദരീ സഹോദരന്മാരോടും ഞാൻ അപേക്ഷിക്കുകയാണ്, നിങ്ങൾ ദുഃഖിതരാവരുത്, വിഷമിക്കരുത്, കരയരുത്, അവരെ പ്പറ്റി മോശമായതൊന്നും പറയരുത്! അവർ ഇവിടത്തേക്കാളും ഉന്നതസ്ഥാനത്താണ്, അവർ ജീവിച്ചിരിക്കുന്നു. അല്ലാഹുവിന്റെ പക്കൽ നിന്ന് അവർക്ക് വേണ്ടതെല്ലാം ലഭിച്ചുകൊണ്ടിരിക്കുന്നു. ഇൻശാ അല്ലാഹ്! ആമീൻ! അല്ലാഹുമ്മ, ആമീൻ!

ഇപ്പോൾ, നാം ഹജ്ജ് മാസത്തിലാണ്. ഹജ്ജിനുവേണ്ടിയുള്ള നിർണ്ണിത ദിവസങ്ങൾ സമീപിച്ചുകൊണ്ടിരിക്കുന്നു. ആ വിഷയത്തിൽ ഒരൽപ്പം സംസാരിക്കുന്നത് ഉചിതമായിരിക്കുമെന്ന് കരുതുന്നു.

## ഹജ്ജ്മാസം / ദുൽ ഹിജ്ജ

ഇസ്ലാമിക കലണ്ടറിലെ 12-ാമത്തെയും അവസാനത്തെയും മാസമാണ് തീർത്ഥാടന മാസം എന്ന പേരിൽ അറിയപ്പെടുന്ന ദുൽഹിജ്ജ്. ഇത് അനുഗ്രഹങ്ങളാൽ നിറയപ്പെട്ട ഒരു മാസമാണ്; പേര് സൂചിപ്പിക്കുന്നതുപോലെ, ഈ പരിശുദ്ധ മാസത്തിലാണ്, നാം മുസ്ലീംങ്ങൾ, ഇസ്ലാമിലെ അഞ്ചാമത്തെ സ്തംഭമായ ഹജ്ജ് കർമ്മം നിർവ്വഹിക്കുന്നത് ! ഈ അനുഗ്രഹീത മാസത്തിൽ, ഓരോരുത്തരും പരമാവധി ഇബാദത്തിൽ പ്രവേശിക്കേണ്ടതാണ്. നഫ്ൽ നമസ്ക്കാരങ്ങളും, ഖുർ ആൻ പാരായണം, വ്രതാനുഷ്ഠാനം, തക്ബീർ ചൊല്ലൽ, തസ്ബീഹ് ചൊല്ലൽ, സദഖ നൽകൽ തുടങ്ങിയവ ചെയ്യേണ്ടതാണ്. കാരണം ഈ പ്രവർത്തനങ്ങൾക്ക് വളരെയധികം അനുഗ്രഹങ്ങളും പ്രതിഫലങ്ങളും ലഭിക്കുന്നതാണ്; വിശിഷ്യാ ആദ്യത്തെ പത്ത് ദിവസങ്ങളിൽ !

ഹസ്രത് ഹഫ്സ (റ) പറഞ്ഞു. പരിശുദ്ധ പ്രവാചകൻ ഹസ്രത് മുഹമ്മദ് (സ) നാല് കാര്യങ്ങൾ ഒരിക്കലും പാഴാക്കിയിട്ടില്ല. അവ (1) ആശൂറാഅ് ദിനത്തിൽ വ്രതം അനുഷ്ഠിക്കൽ (മുഹർറം 10) (2) ദുൽ ഹജ്ജ് മാസം 1 മുതൽ 9 വരെ വ്രതം അനുഷ്ഠിക്കൽ (3) എല്ലാ മാസവും 3 ദിവസങ്ങളിൽ വ്രത മനുഷ്ഠിക്കുക. 13,14,15 തീയതികളിൽ (ദുൽ ഹിജ്ജ് മാസം 13-ാം തീയതി ഒഴികെ.) ആ ദിനത്തിൽ വ്രതാനുഷ്ഠാനം നിരോധിച്ചിട്ടുള്ളതാകുന്നു) (4) ഫജ്ർ ഫർള് നമസ്ക്കാരത്തിനു മുമ്പുള്ള രണ്ട് റക്ക അത്ത് സുന്നത്ത് നമസ്ക്കാരം. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) ദുൽഹിജ്ജ് മാസത്തിലെ ആദ്യത്തെ പത്ത് ദിവസത്തെ ശ്രേഷ്ഠതകളെക്കുറിച്ച് വിവരിച്ചു നൽകിയിട്ടുണ്ട്. ദുൽഹിജ്ജ് മാസം ചന്ദ്രനെ കാണുന്ന ദിവസം, സൂറഃ അൽഫാത്തിഹായും സൂറഃ അൽകാഫിറൂനയും പാരായണം ചെയ്യുവാൻ വിശ്വാസികളോട് ഉപദേശിച്ചിട്ടുണ്ട്. നമസ്ക്കാരാനന്തരം സലാം വീട്ടിയ ശേഷം, ആയത്തുൽ കുർസിയ്യ് 21 പ്രാവശ്യം ഓതുക; സൂറഃ അൽ ഇഖ്ലാസ് 21 പ്രാവശ്യം ഓതുക; 21 പ്രാവശ്യം ദറൂദ് ശരീഫ് ഓതുക, എന്നിട്ട് ദു ആ ചെയ്യുക.

ദുൽഹിജ്ജ് മാസത്തിൽ, മഹത്തായ ഒരു ദിനമുണ്ട്, അറഫ ദിനം എന്നാണ് അത് അറിയപ്പെടുന്നത് ! ദുൽഹിജ്ജ് മാസം 9-ാം തീയതിയാണത്. ഈ ദിനത്തിൽ ഹാജിമാർ, പരിശുദ്ധമായ അറഫ മൈദാനിയിൽ ഒരുമിച്ചു കൂടുന്നു. ആ ദിനത്തെ ഹജ്ജിന്റെ മൂർദ്ധന്യദിനമായി കണക്കാക്കുന്നു. ആ ദിനത്തിൽ ഹജ്ജ് കർമ്മത്തിൽ പങ്കെടുക്കാത്തവർ, വ്രതാനുഷ്ഠാനത്തിലായിരിക്കുന്നത് അഭികാമ്യമാണ്. നമസ്ക്കാരങ്ങൾ അധികരിപ്പിക്കുന്നത് നല്ലതാണ്, തസ്ബീഹ്കളും, കലിമ തൗഹീദും അധികരിപ്പിക്കുന്നതും നല്ലതാണ്. പരിശുദ്ധ പ്രവാചകൻ (സ) പറഞ്ഞു. അറഫാ ദിനത്തിൽ വ്രതമനുഷ്ഠിക്കുന്നവന്റെ കഴിഞ്ഞ വർഷത്തെയും ഈ വർഷത്തെയും എല്ലാ പാപങ്ങളും അല്ലാഹു കഴുകി കളയുന്നതാണ്.

ദുൽഹജ്ജ് മാസം 10-ാം ദിവസം ഈദുദുഹാ ആഘോഷദിനമാണ്. ലോകമെമ്പാടുമുള്ള മുസ്ലീംങ്ങൾ ആഘോഷിക്കുന്നു. ഖുർബാനീ സമർപ്പണവും നടത്തപ്പെടുന്നു. ഹസ്രത് ഇബ്രാഹീം (അ) ന്റെയും അദ്ദേഹ

ത്തിന്റെ മകൻ ഇസ്മായീൽ (അ) ത്യാഗോജ്ജ്വലമായ ജീവിതത്തെ അനുസ്മരിച്ചുകൊണ്ടാണ് ഖുർബാനീ എന്ന ഈ പുണ്യ കർമ്മം നടത്തപ്പെടുന്നത് ! ഈദ് ദിനത്തിൽ, ഈദുൽ ഫിത്ർ ആയാലും ശരി ഈദുദുഹാ ആയാലും ശരി, അന്ന് വ്രതാനുഷ്ഠാനം പാടില്ല എന്നത് ഓർത്തിരിക്കേണ്ട കാര്യമാണ്. ഈദുദുഹായെ തുടർന്ന് വരുന്ന മൂന്ന് ദിവസങ്ങളിലും വ്രതാനുഷ്ഠാനം നിരോധിച്ചിട്ടുള്ളതാണ് എന്ന് ഓർത്തിരിക്കുക! അതായത് ദുൽഹജ്ജ് മാസം 10,11,12,13 എന്നീ ദിവസങ്ങളിൽ !

**തക്ബീറേ തശ്രീഫ്: ആദരണീയമായ തക്ബീറുകൾ** : – ആദരണീയമായ തക്ബീറുകൾ നാം പരിശീലിക്കേണ്ടതുണ്ട് / പ്രവർത്തി പഥത്തിൽ കൊണ്ടു വരേണ്ടതുണ്ട്. ദുൽഹജ്ജ് മാസം 9–ാം തീയതി ഫജ്ർ നമസ്ക്കരാനന്തരം, തക്ബീറേ തശ്രീഫ് ആരംഭിക്കുകയും 13–ാം തീയതി അസ്ർ നമസ്ക്കാരം വരെ, ആകെ മൊത്തം 23 തക്ബീറുകൾ ചൊല്ലേണ്ടതാണ്. മധ്യനിലവാര ശബ്ദത്തിൽ 3 പ്രാവശ്യം തക്ബീറേ തശ്രീഫ് ചൊല്ലേണ്ടതാണ്. അല്ലാഹു അക്ബർ, അല്ലാഹു അക്ബർ, ലാ ഇലാഹ ഇല്ലല്ലാഹു അല്ലാഹു അക്ബർ, അല്ലാഹു അക്ബർ, വ ലില്ലാഹി ഹംദു. **“ പരിഭാഷ: – അല്ലാഹു വലിയവനാണ്, അല്ലാഹു വലിയവനാണ്, ആരാധനയ്ക്കർഹൻ അല്ലാഹു അല്ലാതെ മറ്റാരുമില്ല, അല്ലാഹു വലിയവനാണ്. അല്ലാഹു വലിയവനാണ്. എല്ലാ സ്തുതികളും അവനുമാത്രം ഉള്ളതാണ്”**

## ഹജ്ജ് കർമ്മം

ഹജ്ജ് എന്ന വാക്കിന്റെ അർത്ഥം തീർത്ഥാടനം അഥവാ പരിശുദ്ധ സന്ദർശനം എന്നാകുന്നു. ശരീഅത്ത് (ഇസ്ലാമിക നിയമം) നിയമ പ്രകാരം, ഇതിന്റെ അർത്ഥം ലോകമെമ്പാടുമുള്ള മുസ്ലീംങ്ങൾ പരിശുദ്ധ മക്കയിൽപോയി വാർഷിക തീർത്ഥാടനം നിർവ്വഹിക്കുന്നതിനെയാണ് ഹജ്ജ് എന്ന് പറയുന്നത്. ഇത് നിർവ്വഹിക്കുന്നത് വ്യക്തമായി നിർവ്വചിച്ചിട്ടുള്ള സഞ്ചാര പഥത്തിലൂടെയാണ്. (മക്ക–മിനാ–അറഫാത്–മുസ്ദലിഫ–മിന–മക്കാ) ഹജ്ജ് നിങ്ങൾക്കറിയാവുന്നതുപോലെ, ഇസ്ലാമിലെ 5–ാ മത്തെ സ്തംഭമാണ്. ശാരീരികമായും, സാമ്പത്തികമായും കഴിവുള്ളവർ മക്കയിൽ പോയി ജീവിതത്തിൽ ഒരു പ്രാവശ്യമെങ്കിലും ഹജ്ജ് കർമ്മം നിർവ്വഹിക്കേണ്ടത് ഓരോ മുസ്ലീമിന്റെയും നിർബന്ധകടമയാണ്.

ഹജ്ജ് മഹത്തായ ഒരു ആരാധനയാണ്. ഇതിന് അനേകം അർത്ഥതലങ്ങളും വിശദീകരണങ്ങളുമുണ്ട്. എന്നാൽ നാം, ഇപ്പോൾ, ഇവിടെ, ഈ പ്രസംഗത്തിൽ ഒരു ചുരുക്ക വിവരം, തീർത്ഥാടകർ നിലനിർത്തേണ്ടുന്ന പ്രധാന കാര്യങ്ങളെക്കുറിച്ചു സന്ദർഭങ്ങളെക്കുറിച്ചു മാത്രം പ്രതിപാദിക്കുകയാണ്. ഒരു പൊതു തത്വമെന്ന നിലയിൽ പറഞ്ഞാൽ, ഈ യാത്ര അവരുടെ മതപരവും ആത്മീയവുമായ ജീവിതത്തിലെ മഹത്തായ സമയമാണ്. അതിനായി വളരെ ശ്രദ്ധാപൂർവ്വം തയ്യാറാകേണ്ടതാണ്. ഈ മഹത്തായ ആരാധനാ പൂർത്തീകരണത്തിനായി ധാർമ്മികമായും, ആത്മീയമായും ഒരുവൻ സ്വയം തയ്യാറാകേണ്ടതാണ്. തീർത്ഥാടനത്തിൽ ഒരുവൻ അനുഷ്ഠിക്കേണ്ട ആചാരാനുഷ്ഠാനങ്ങളെക്കുറിച്ച് അന്വേഷിച്ച് അറിയേണ്ടതാണ്. ഇതിനാവശ്യമായ യാത്രാ രേഖകളെക്കുറിച്ചും അറിയേണ്ടതുണ്ട്. ഈ മഹത്തായ യാത്ര തുടങ്ങുന്നതുവരെ ! ഇസ്ലാം മതം പുതുതായി സ്വീകരിച്ചവരും, ഹജ്ജ് അല്ലെങ്കിൽ ഉംറ കർമ്മം ആദ്യമായി നിർവ്വഹിക്കുന്നവരും അവർക്ക് കാര്യങ്ങൾ മനസ്സിലാക്കി കൊടുക്കുന്നതിനുള്ള ശിക്ഷണം നൽകുന്നവർ അവിടെയുണ്ട് ! അവർ അവരെ സഹായിക്കുന്നതാണ്. ഹജ്ജിലുടനീളം, ഹാജിമാർ എല്ലാവിധ ആരാധനാ കർമ്മങ്ങളിലും ദുആകളിലും ആഴത്തിൽ മുഴുകേണ്ടതാണ്. ഹജ്ജിനുവേണ്ടി പ്രത്യേകം തയ്യാറാക്കിയ പരിപാടികൾ അനുസരിച്ച് ഇത് ചെയ്യാവുന്നതാണ്! ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് തീർത്ഥാടകർ, പരിശുദ്ധ നഗരമായ മക്കയിൽ, ദുൽഹിജ്ജ് 7–ാം തീയതി വരെ ഉംറ നിർവ്വഹണത്തിനായി നിശ്ചിത സ്ഥാനങ്ങളിൽ ഒരുമിച്ചു കൂടുന്നു. തുടർന്ന് ഹജ്ജിന്റെ നടപടികൾ ആരംഭിക്കുകയും അത് 10–ാം തീയതിയിൽ അവസാനിക്കുകയും ചെയ്യുന്നു. അതേ തുടർന്ന് ഹജ്ജിനു ശേഷമുള്ള 3 ദിവസങ്ങളിലുള്ള പരിപാടികളിലും പങ്കെടുക്കുന്നു. (അതായത് ദുൽഹിജ്ജ് 11,12,13 തീയതികളിൽ)

ദുൽഹജ്ജ് 7–ാം ദിവസം അവർ പരിശുദ്ധ ചുറ്റളവിൽ പ്രവേശിക്കുന്നു. മീഖാത്ത് എന്ന സുപ്രസിദ്ധ അതിർത്തിയിൽ വച്ച്, പ്രത്യേക കുളി കഴിഞ്ഞ് വിശുദ്ധിയായ ശേഷം, ഇഹ്റാം കെട്ടുന്നു. (ഇഹ്റാം

എന്നാൽ: തുന്നലില്ലാത്തതും, പാവപ്പെട്ടവനാണെന്ന പ്രതീതി ജനിപ്പിക്കുന്നതുമായ വെള്ളവസ്ത്രം) പരിപാവനമായ അല്ലാഹുവിന്റെ ഭവനത്തിന്റെ പരിസരങ്ങളിൽ, തീർത്ഥാടകർ സ്വയം ഒരു ദരിദ്രനായി ഹാജരാവുകയാണ്. ഇതേ വസ്ത്രം അതായത് ഇഹ്റാം വസ്ത്രം ലോകത്തിന്റെ ഏത് ഭാഗത്തു നിന്ന് വരുന്ന മുസ്ലീംങ്ങളായാലും അവരെല്ലാം (ഹജ്ജ് /ഉംറയ്ക്കായി) കഅ്ബയുടെ അതിർത്തിക്കുള്ളിൽ ഈ വസ്ത്രം ധരിക്കേണ്ടതാണ്.

പരിശുദ്ധ കഅ്ബയുടെ ചുറ്റും ഹജ്ജിന്റെ കർമ്മങ്ങൾ അവർ ആരംഭിക്കുകയായി. 7 പ്രാവശ്യം കഅ്ബയെ ത്വവാഫ് (പ്രദിക്ഷണം) ചെയ്യുക. പ്രദിക്ഷണം ആരംഭിക്കുന്ന സ്ഥലത്തു നിന്ന് ഇടതു ഭാഗത്തു കൂടി 7 പ്രാവശ്യം ത്വവാഫ് പൂർത്തിയാക്കുക. മഖാമെ ഇബ്റാഹീമിൽ പരിശുദ്ധ സന്ദർശനം നടത്തുകയും അവിടെ വച്ച് പ്രത്യേകമായ രണ്ട് റക്കഅത്ത് നമസ്ക്കാരവും നിർവ്വഹിക്കുന്നു. സംസമിലെ പരിശുദ്ധ ജലം അവർ പാനം ചെയ്യുന്നു. (പരിശുദ്ധ കഅ്ബയ്ക്ക് സമീപം കണ്ടെത്തിയ പരിശുദ്ധവും അത്ഭുതകരവുമായ ഉറവിടമാണ് സംസം) സഫാ മർവ കുന്നുകൾക്കിടയിൽ 7 പ്രാവശ്യം സഅ്യ് (ധൃതിയിൽ നടക്കുക) ചെയ്യുന്നു.

ദുൽഹിജ്ജ് 8-ാം തീയതി അവശേഷിക്കുന്ന കർമ്മങ്ങൾക്കുള്ള യാത്രയ്ക്കായി അവർ പുറപ്പെടുന്നു. അതിനായി മക്കയുടെ അതിർത്തിയിലുള്ള മിനായിലേക്ക് പുറപ്പെടുന്നു. അവിടെ രാത്രി ചെലവഴിക്കുകയും പ്രത്യേക പ്രാർത്ഥനയിൽ മുഴുകുകയും ചെയ്യുന്നു. 9-ാം തീയതി ഹജ്ജിന്റെ സ്തംഭമായ അറഫ മൈദാനിയിലേക്ക് പുറപ്പെടുന്നു. അവിടെ അവർ പ്രത്യേക പ്രാർത്ഥന നടത്തുന്നു. അവിടെ നിന്നും മുസ്ദലിഫയിലേക്ക് പോകുന്നു. അവിടെയും പ്രത്യേക പ്രാർത്ഥന നടത്തുന്നു. മുസ്ദലിഫയിൽ നിന്നും അവർ മിനായിലേക്ക് മടങ്ങുന്നു. മക്കയിലെ കഅ്ബയിലേക്ക് പോകുന്നതിനു മുമ്പ്, തല മുണ്ഡനം ചെയ്യുന്നു. മറ്റൊരു ത്വവാഫ് കൂടി പൂർത്തിയാക്കേണ്ടതുണ്ട്. അതായത് ത്വവാഫെ സിയാറ അഥവാ ത്വവാഫെ ഇഫാദ. അങ്ങനെ തല മുണ്ഡനം ചെയ്യുന്നു. അഥവാ തലമുടിയുടെ നീളം കുറയ്ക്കുന്നു. സ്തീകൾ അവരുടെ തലമുടിയുടെ അഗ്രം ഒരു വിരൽ നീളത്തിൽ മുറിച്ചാൽ മതി എന്ന കാര്യം പ്രത്യേകം ഓർക്കേണ്ടതാണ്. അവർ ഖുർബാനി അർപ്പിക്കുന്നു. അതേ തുടർന്ന് ഹാജിമാർ അവരുടെ ഇഹ്റാം വസ്ത്രങ്ങൾ മാറ്റുന്നു. അതായത് ഇഹ്റാം വസ്ത്രങ്ങൾ മാറ്റി സാധാരണ വസ്ത്രങ്ങൾ ധരിക്കുന്നു. ഹജ്ജ് കർമ്മം, അക്ഷരാർത്ഥത്തിൽ ഇതോടെ പൂർത്തിയായിരിക്കുന്നു. ദുൽഹജ്ജ് മാസം 10-ാം തീയതി ഈദുൽ അദ്ഹാ ദിനത്തിൽ!

എന്നാൽ ഹാജിമാർ, മിനായിലേക്ക് മടങ്ങുന്നു. 3 ദിവസം അവിടെ ചെലവഴിക്കുവാനായി. (ദുൽഹജ്ജ് മാസം 11,12.13 തീയതികളിൽ ഹജ്ജിനെ തുടർന്നുള്ള പരിപാടികളിൽ പങ്കെടുക്കുവാനായി) അങ്ങനെ അവർ അവിടെ മറ്റ് ആരാധനാ കർമ്മങ്ങൾ പൂർത്തിയാക്കുന്നു. ശപിക്കപ്പെട്ട പിശാചിനെ തന്നിൽ നിന്നും ആട്ടിയോടിക്കുന്നതിന്റെ ഭാഗമായി പിശാചിന്റെ പ്രതീകമായ സ്തംഭങ്ങളിൽ കല്ലെറിയുന്നു. ഭാഗ്യവാന്മാർക്ക്, അതായത് യാത്ര ചെയ്യുവാനുള്ള ആരോഗ്യവും പണവുമുള്ളവർക്ക് മക്കയ്ക്ക് ചുറ്റുമുള്ള വിവിധ സ്ഥലങ്ങൾ, വിവിധ പള്ളികൾ, വിവിധ ശ്മശാനങ്ങൾ സന്ദർശിക്കുവാനുള്ള അവസരമുണ്ട്. എന്നിട്ട് മക്കയിലേക്ക് മടങ്ങിവരുന്നു. വിടവാങ്ങൽ ത്വവാഫിന് ശേഷം, തീർത്ഥാടകർ / ഹാജിമാർ, പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുടെ മദീനയിലെ ഖബറിടം സന്ദർശിക്കുവാനായി പോകുന്നു. അവിടെ കുറഞ്ഞത് എട്ട് ദിവസമെങ്കിലും അവർ ചെലവഴിക്കുന്നു. ഒന്നിനു പുറകെ ഒന്നായി വരുന്ന 40 നമസ്ക്കാരങ്ങൾ മസ്ജിദുന്നബവിയിൽ നിർവ്വഹിക്കുവാനായി. നമസ്ക്കരിക്കുക, അല്ലെങ്കിൽ വേലികെട്ടിത്തിരിച്ച ആ സ്വർഗ്ഗീയ സ്ഥലത്ത് സമയം ചെലവഴിക്കുക എന്നത് ഏതൊരു വിശ്വാസിയുടെയും ജീവിതത്തിലെ ആത്മീയതയുടെ അനർഘ നിമിഷങ്ങൾ തന്നെ. മിമ്പറിനും പ്രവാചക ഖബ്റിനും ഇടയിലുള്ള സ്ഥലം ഒരിക്കൽ നബി (സ) യുടെ ഭവനമായിരുന്നു, ഇന്നത് മസ്ജിദുന്നബവ്വിയുടെ ഭാഗമാണ്.

ഭാഗ്യവാന്മാർക്ക് മദീനയിലെ വിവിധ സ്ഥലങ്ങളും, പള്ളികളും ഖബറിടങ്ങളും സന്ദർശിക്കുവാനുള്ള അവസരങ്ങളുണ്ട്! വിടവാങ്ങൽ സമയം ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം ഹൃദയഭേദകമാണ്. കാരണം നമ്മുടെ പ്രിയങ്കരനായ, സ്നേഹ നിധിയായ പ്രവാചകർ (സ) യുടെ അനുഗ്രഹീതമായ ഈ പട്ടണത്തോട് വിട പറയുക എന്നത് ഒരു വിശ്വാസിക്ക് അത്ര എളുപ്പമുള്ള കാര്യമല്ല.

ഒരാൾ തന്റെ ഹജ്ജ് കർമ്മം ഒരിക്കൽ പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ, അയാൾക്ക് തന്റെ കുടുംബ ത്തിൽപ്പെട്ടതോ അല്ലാത്തതോ ആയ മരണപ്പെട്ട ഒരാൾക്കു വേണ്ടി ഹജ്ജ് ബദൽ നിർവ്വഹിക്കാവുന്നതാണ്.

**ഉംറ :**

ഉംറ എന്ന അറബി വാക്കിന്റെ അർത്ഥം ജനനിബിഢമായ ഒരു സ്ഥലം സന്ദർശിക്കുക എന്നാകുന്നു. എന്നാൽ ഇസ്ലാമിക നിയമത്തിൽ ഇതിന്റെ അർത്ഥം മക്കയിലേക്കുള്ള ചെറിയ തീർത്ഥാടനം എന്നാകുന്നു.

ഹജ്ജ് കർമ്മം പൂർത്തീകരിച്ചു കഴിഞ്ഞാൽ, അതായത് നിശ്ചിത സ്ഥലങ്ങളിലെ സന്ദർശനവും പ്രാർത്ഥനയും ഹജ്ജ് വേളകളിൽ, അതായത് ദുൽഹജ്ജ് 7 – 10 വരെയും അല്ലെങ്കിൽ ദുൽഹിജ്ജ് 13 വരെ നടത്തപ്പെടുന്നത് ഹജ്ജ് കർമ്മമാണ്. ഈ കാലയളവ് കഴിഞ്ഞുള്ളതിന് ഉംറ എന്നു പറയുന്നു – ഇത് ഒരു ഫർള് ആയ കാര്യമല്ല. എന്നാൽ വളരെ നല്ല കാര്യമാണ്. ഹജ്ജിനുവേണ്ടി നിശ്ചയിക്കപ്പെട്ടിട്ടില്ലാത്ത ഏത് ദിവസങ്ങളിലും ഉംറ: നിർവ്വഹിക്കാവുന്നതാണ്. ഇഹ്റാം അവസ്ഥയിലാണ് ഇത് നിർവ്വഹിക്കേണ്ടത് !

**<u>ഉംറയ്ക്ക് പ്രധാനപ്പെട്ട മൂന്ന് കാര്യങ്ങളുണ്ട് ; ഹജ്ജ് പോലെ തന്നെ :–</u>**

അവ (1) കഅ്ബയെ ഏഴ് പ്രാവശ്യം ത്വവാഫ് ചെയ്യുക. (2) സഫാ മർവാ കുന്നുകൾക്കിടയിലുള്ള 7 പ്രാവശ്യത്തെ ധൃതിയിലുള്ള നടത്തം; സംസം ജലം കുടിക്കൽ (3) തല മുണ്ഡനം ചെയ്യൽ.

ഈ മൂന്ന് കാര്യങ്ങൾ ചെയ്തു കഴിഞ്ഞാൽ ഉംറ: അവസാനിക്കുന്നു. അങ്ങനെ തീർത്ഥാടകരിൽ കഴിവുള്ളവർക്ക് ഒരു ദിവസം തന്നെ അനേകം ഉംറകൾ നിർവ്വഹിക്കാവുന്നതാണ്. ഓരോ പ്രാവശ്യവും അവർ ഇഹ്റാം കെട്ടേണ്ട നിശ്ചിത സ്ഥലത്ത് വരികയും പുതിയ ഉംറയ്ക്കായി ഇഹ്റാം കെട്ടേണ്ടതുമാണ്.

നമുക്ക് പ്രാർത്ഥിക്കാം ഇൻശാ അല്ലാഹ് ! അല്ലാഹു (ത) നമ്മോട് വാഗ്ദാനം ചെയ്തിട്ടുണ്ട്, നിശ്ചയ മായും ഇത് യാഥാർത്ഥ്യമാകും. ഹജ്ജിനുവേണ്ടി, നമുക്കായി വാതായനങ്ങൾ തുറക്കപ്പെടുന്നതാണ്. ഇൻശാ അല്ലാഹ്. ഇസ്ലാമിലെ അഞ്ചാമത്തെ സ്തംഭം സന്തോഷത്തോടെയും വിനയാന്വിതമായ ഹൃദയത്തോടെയും പൂർത്തീകരിക്കുവാനും അല്ലാഹു (ത) യ്ക്ക് നന്ദി പ്രകാശിപ്പിക്കുവാനും അവനവസരം ഒരുക്കുന്നതാണ്! ഇൻശാ അല്ലാഹ് ! മക്കാ പള്ളിയിൽ ഹജ്ജ് കർമ്മ വേളയിൽ മരണമടഞ്ഞ എല്ലാ സഹോദരങ്ങളുടെയും കുടുംബാംഗങ്ങൾക്ക് ക്ഷമയും ധൈര്യവും അല്ലാഹു പ്രദാനം ചെയ്യട്ടെ !അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നമ്മുടെ ജീവൻ സമർപ്പിക്കുവാനുള്ള സൗഭാഗ്യം അല്ലാഹു (ത) ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിനും നൽകട്ടെ! അങ്ങനെ അവന്റെ അനന്ത സന്തോഷം ഇഹലോകത്തും നാളെ പരലോകത്തും നമുക്ക് സ്വീകരിക്കുവാനുള്ള തൗഫീഖ് നൽകട്ടെ. ഇൻശാ അല്ലാഹ്! ആമീൻ.

**<u>Translated & Issued By</u>**
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*

*****************